ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

സൗജന്യ ആംബുലൻസ് സർവ്വീസ്

33 (481) ശ്രീ. കെ. വി. അബ്ദുൾഖാദർ :
ശ്രീ. എം. ഹംസ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എമർജൻസി മെഡിക്കൽ സർവ്വീസ് പ്രോജക്ട് പ്രകാരം വാങ്ങിയ ആംബുലൻസുകളുടെ പ്രവർത്തനംമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ എത്ര ആംബുലൻസുകൾ പ്രവർത്തിക്കുന്നു ;

(സി) ആംബുലൻസ് സർവ്വീസ് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പുതുതായി ആംബുലൻസുകൾ വാങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഇ) സൗജന്യ ആംബുലൻസ് സർവ്വീസ് ഇനത്തിൽ സംസ്ഥാന സർക്കാരിന് ഇതുവരെ എത്ര തുക ചെലവായിയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) എമർജൻസി മെഡിക്കൽ സർവ്വീസ് പ്രോജക്ട് പ്രകാരം വാങ്ങിയ ആംബുലൻസുകളുടെ പ്രവർത്തനം ഇതുവരെ 11,510 രോഗികൾക്ക് പ്രയോജന പെടുകയുണ്ടായി.

(ബി) ഇപ്പോൾ 25 ആംബുലൻസുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പുതിയ 100 ബി.എൽ.എസ്. ആംബുലൻസുകൾ വാങ്ങുവാനാണ് ഉദ്ദേശിക്കുന്നുത്. ഈ ആംബുലൻസ് സർവ്വീസ് കേരളത്തിലെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) സർക്കാർ ഈ വർഷം ഇതിലേക്കായി 90 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

108 ആംബുലൻസിന്റെ സേവനം

34 (482) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 108 ആംബുലൻസിന്റെ സേവനം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly